**സിറ്റിസൺ സ്ഥിരം അദാലത്ത് സമിതി 1 ന്റെ ഒരു യോഗം 08-08-2025 തീയ്യതി വെള്ളിയാഴ്ച പകൽ 11 മണിക്ക് ചേർന്നു.യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും.**

ഹാജർ

1.സതീശൻ കെ വി ഇന്റേണൽ വിജിലൻസ് ഓഫീസർ ആന്റ് കൺവീനർ

2.നിധിൻ കുമാർ എസ്,ഡെപ്യൂട്ടി ടൌൺപ്ലാനർ,കണ്ണൂർ

3.സന്ദീപ് ഏ വി അസി.എക്സി.എഞ്ചിനീയർ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

യോഗം മണിക്ക് ആരംഭിച്ചു.

**അജണ്ട 1** .മധുസൂദനൻ ടി, തൃപ്പാണിക്കര ഹൌസ്,കിഴക്കാനി,കുഞ്ഞിമംഗലം എന്നവർ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുൻപാകെ നൽകിയ പരാതി.

**ഉള്ളടക്കം**

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ തന്റെ അമ്മ ശ്രീമതി.തൃപ്പാണിക്കര പത്മാവതി എന്നവരുടെ ഉടമസ്ഥതയിൽ 5/249 നമ്പറായി ഒരു വീട് നിലവിലുണ്ടായിരുന്നുവെന്നും 2016-17 വരെ പ്രസ്തുത കെട്ടിടത്തിന് നികുതി ഒടുക്കിയിട്ടുള്ളതാണെന്നും 30.04.2017 തീയ്യതിയിൽ അമ്മ മരണപ്പെട്ടതിനെ തുടർന്ന് ഭാഗപത്ര പ്രകാരം വീട് തനിക്ക് ലഭിച്ചിട്ടുള്ളതാണെന്നും ഇപ്പോൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ധനസഹായത്തിനായി ഗ്രാമസഭ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.പഞ്ചായത്തിൽ അന്വേഷിച്ചപ്പോൾ പഞ്ചായത്ത് രേഖകളിൽ വീട് പൊളിച്ചു മാറ്റിയിട്ടാണുള്ളത് എന്നാണ് അറിയിച്ചത്.എന്നാൽ നിലവിൽ വീട് പൊളിച്ചു മാറ്റിയിട്ടില്ലാത്തതാണ്. വീട്ടു നമ്പർ പുനഃസ്ഥാപിക്കുന്നതിന് വീടിന്റെ പ്ലാനും മറ്റും സമർപ്പിച്ച് അപേക്ഷിക്കുന്നതിനാണ് പറയുന്നത്.പഞ്ചായത്ത് രേഖകളിൽ തെറ്റായി നീക്കം ചെയ്ത വീട്ടു നമ്പർ പുനഃസ്ഥാപിച്ചു തരണമെന്നാണ് പരാതിക്കാരന്റെ ആവശ്യം.

**വിശകലനം**

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ 5/249 എന്ന കെട്ടിടം തൃപ്പാണിക്കര നാരായണൻ എന്നവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതാണ്. പ്രസ്തുത കെട്ടിടം 2017-18 കാലയളവിൽ പൊളിഞ്ഞുപോയതായി രേഖപ്പെടുത്തി സഞ്ചയസോഫ്റ്റ് വെയറിൽ ഡിമോളിഷ് ചെയ്തിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി,ഓവർസീയർ,ക്ലാർക്ക് എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് കെട്ടിട പരിശോധന നടത്തിയപ്പോൾ 5/249 നമ്പർ കെട്ടിടം നിലവിലുള്ളതാണെന്ന് ബോധ്യപ്പെട്ടു. പ്രസ്തുത കെട്ടിടം പരിശോധിച്ചതിൽ കെട്ടിടത്തിന് 20 -25 വർഷം പഴക്കം ഉള്ളതായാണ് കണ്ടത് .കൂടാതെ കെട്ടിടത്തിന്റെ ചില ഭാഗങ്ങളിൽ ഭിത്തിയിൽ

വിള്ളലുകളുള്ളതായും കണ്ടു. കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകളോ മറ്റോ കണ്ടില്ല. പരാതിക്കാരനായ ശ്രീ .മധുസൂദനനെ നേരിട്ട് കേട്ടതിൽ 2016-17 കാലയളവ് വരെ പ്രസ്തുത കെട്ടിടത്തിന് വസ്തു നികുതി ഒടുക്കിയതായും അതിന്റെ രശീതി കാണിക്കുകയുമുണ്ടായി. 2016 കാലഘട്ടത്തിൽ കെട്ടിട നിർമ്മാണതൊഴിലാളിയായിരുന്ന താൻ നിർമ്മാണ സ്ഥലത്തുണ്ടായ വീഴ്ചയിൽ ക്ഷതംപറ്റി കിടപ്പിലായതാണെന്നും ആശുപത്രിവാസവും മറ്റുമായി കഴിയേണ്ടി വന്നതിനാലും യഥാസമയം നികുതി ഒടുക്കുന്നതിന് സാധിക്കാത്തതിരുന്നതിനാലും നിലവിലും താൻ കിടപ്പുരോഗിയായതിനാലും തന്നെ ശുശ്രൂഷിക്കുന്ന ഭാര്യയും വിദ്യാർത്ഥിനിയായ മകളും മാത്രമേ കുടുബത്തിലുള്ളൂവെന്നും തന്റെ കെട്ടിടത്തിന്റെ വസ്തു നികുതി ഒഴിവാക്കിയിട്ടുണ്ടെന്നുമുള്ള ധാരണയിലാണ് തുടർന്നുള്ള വർഷങ്ങളിൽ നികുതി ഒടുക്കുന്നതിന് സാധിക്കാതിരുന്നതെന്നും നിലവിലുള്ള വീടിന് ചോർച്ചയും വിള്ളലും ഉള്ളതിനാൽ വീട് റിപ്പയർ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിന് ഗ്രാമസഭ മുഖേന ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചപ്പോഴാണ് കെട്ടിടം പഞ്ചായത്ത് രേഖകളിൽ നിന്നും നീക്കം ചെയ്ത വിവരം അറിയാനിടയായത്.തന്റെ പിതാവിന്റെ പേരിലുള്ള വീട് ഭാഗപത്രപ്രകാരം തനിക്ക് ലഭിച്ചിട്ടുള്ളതാണ്. എന്നാൽ കിടപ്പുരോഗിയായതിനാലും ഉടമസ്ഥത മാറ്റേണ്ടത് എനിക്ക് അറിയാതിരുന്നതിനാലും ആണ് പഞ്ചായത്ത് രേഖകളിൽ ഉടമസ്ഥാവകാശം മാറ്റുന്നതിന് അപേക്ഷിക്കാതിരുന്നതെന്നും ഞാനോ മറ്റാരെങ്കിലുമോ കെട്ടിടം പൊളിച്ച് മാറ്റിയിട്ടുണ്ടെന്ന് പഞ്ചായത്തിൽ അറിയിക്കാത്തതുമാണ്. പഞ്ചായത്ത് രേഖകളിൽ നിന്നും തെറ്റായി നീക്കം ചെയ്ത വിവരങ്ങൾ പുനഃസ്ഥാപിച്ച് നൽകേണ്ടതാണ്. പഞ്ചായത്ത് അധികൃതർ ആവശ്യപ്പെടുന്നത് പോലെ കെട്ടിടത്തിന്റെ പ്ലാനും മറ്റും നൽകി കെട്ടിടം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ സാമ്പത്തികം തനിക്കില്ലാത്തതാണെന്നും പരാതിക്കാരൻ അറിയിക്കുകയുണ്ടായി.

**തീരുമാനം**

നേരിട്ട് പരിശോധിച്ചതിൽ 5/249 നമ്പർ കെട്ടിടം നിലവിലുള്ളതായി ബോധ്യപ്പെട്ടു. സഞ്ചയസോഫ്റ്റ് വെയർ പരിശോധിച്ചതിൽ കെട്ടിടത്തിന് കോൺക്രീറ്റ് മേൽക്കൂരയാണുള്ളത്. കെട്ടിടത്തിന്റെ കാലപ്പഴക്കം 10 വർഷം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ വസ്തുതകൾ പരിഗണിക്കുമ്പോൾ നിലവിൽ കെട്ടിടത്തിന് 22 വർഷം കാലപ്പഴക്കം ഉണ്ട്.മേൽ സാഹചര്യത്തിൽ നികുതി നിർണ്ണയ രജിസ്റ്ററിൽ നിന്നും കെട്ടിടം നീക്കം ചെയ്തത് തെറ്റാണെന്ന് കാണുന്നു.ആകയാൽ സഞ്ചയ സോഫ്റ്റ് വെയറിൽ 5/249 നമ്പർ കെട്ടിടം പുനഃസ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു. സഞ്ചയസോഫ്റ്റ് വെയറിൽ രേഖപ്പെടുത്തലുകൾ നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ലഭ്യമാക്കുന്നതിന് ബഹു.പ്രിൻസിപ്പൽ ഡയറക്ടറോട് അപേക്ഷിക്കുന്നതിനും സെക്രട്ടറിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

**അജണ്ട 2** ശ്രീ ലത്തീഫ് വലിയത്തിൽ എന്നവർ മാട്ടൂൽ ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി.

**ഉള്ളടക്കം**

SC2/679/2023 നമ്പറായി മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ നൽകിയ കെട്ടിട നിർമ്മാണ അപേക്ഷയിൽ തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നില്ല എന്നതാണ് പരാതി.

**വിശകലനം**

മാട്ടൂൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ CRZ മേഖലയിൽ റി.സ.101/111 ൽ പെട്ട സ്ഥലത്ത് വാസഗൃഹനിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിന് വേണ്ടിയാണ് അപേക്ഷിച്ചിട്ടുള്ളത്.രണ്ടു വാസഗൃഹ യൂണിറ്റുകൾ ഉൾപ്പെടുന്ന കെട്ടിടം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 271.53 മീ അകലത്തിലാണ് നിർമ്മിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.CZMA യുടെ ക്ലീയറൻസ് ആവശ്യമായതിനാൽ 25.02.2024 തീയ്യതിയിൽ ഗ്രാമപഞ്ചായത്ത് KCZMA ജില്ലാതല കമ്മിറ്റിക്ക് ഫയൽ അയച്ചു നൽകിയതായും ആയത് സംസ്ഥാന തല സമിതിയുടെ തീരുമാനം ആവശ്യമായതിനാൽ സംസ്ഥാനതല സമിതിക്ക് സമർപ്പിക്കുന്നതിനായി 19.09.2024 തീയ്യതിയിൽ ടൌൺ പ്ലാനർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും 18.11.2024 തീയ്യതിയിൽ ഗ്രാമപഞ്ചായത്ത്,മെമ്പർ സെക്രട്ടറി KCZMA ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.പ്രസ്തുത അപേക്ഷയിൽ അപാകതകൾ ഉള്ളതിനാൽ അപാകതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്നതിന് 10.12.2024 തീയ്യതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതുമാണ്.മേൽ ആവശ്യപ്പെട്ട വിശദാംശങ്ങൾ ഉൾപ്പെടുത്തി 21.07.2025 തീയ്യതിയിൽ മാട്ടൂൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഫയൽ അയച്ചു നൽകിയിട്ടുള്ളതുമാണ്.

**തീരുമാനം**

നിലവിലെ അപാകതകൾ പരിഹരിച്ച അപേക്ഷ 21.07.2025 തീയ്യതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി KCZMA മെമ്പർ സെക്രട്ടറിക്ക് അയച്ചു നല്കിയിട്ടുണ്ട്.തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതിന് മാട്ടൂൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**യോഗം 12.30 മണിക്ക് അവസാനിച്ചു.**